## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1550**

**31.01.2018 - ൽ മറുപടിയ്ക്ക്**

### നീര ഉല്പാദന കമ്പനികൾ നേരിടുന്ന പ്രതിസന്ധി

**ചോദ്യം**
**ശ്രീ.കെ.മുരളീധരൻ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.എ.പി. അനിൽ കുമാർ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ നീര ഉല്പാദന കമ്പനികൾ കടുത്ത പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ; | എ) ചില നീര ഉത്പാദക കമ്പനികൾ പ്രാരംഭകാല ബുദ്ധിമുട്ടുകൾ നേരിടുന്നവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നീര ടാപ്പിംഗിന് വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ അഭാവം, പരിശീലനം ലഭിച്ച നീര ടെക്നീഷ്യൻമാർ തൊഴിൽ ഉപേക്ഷിച്ച പോകുന്നത്, ഇടത്തരം പൊക്കമുള്ള ആരോഗ്യമുള്ള തെങ്ങുകളുടെ അഭാവം, കടുത്ത വേനൽ മൂലം നീര ഉത്പാദനത്തിലുണ്ടാകുന്ന കുറവ്, നീര ഉത്പാദന ത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ കുറവ് മൂലം ഉൽപാദന ചെലവ് കുറയുന്ന വിധത്തിൽ പ്ലാന്റുകളുടെ ശേഷി പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത് എന്നിവ യാണ് പ്രധാന കാരണങ്ങൾ.<br><br>നീര സംസ്കരണത്തിന് നീര ഉത്പാദന കമ്പനികൾ സ്വീകരിച്ചിട്ടുള്ള സാങ്കേതിക വിദ്യകളിലുള്ള വ്യത്യസ്തത മൂലം നീരയുടെ ഗുണനിലവാരത്തിലുണ്ടാകുന്ന വ്യത്യാസം വിപണനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. |

| | | |
|---|---|---|
| ബി) പ്രസ്തുത മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ബി) & സി) | നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളികേര ഉല്പാദക സൊസൈറ്റികൾ/ ഫെഡറേഷനുകൾക്ക് കെട്ടിടയന്ത്ര സാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ച് നൽകുന്നുണ്ട്. അതു പ്രകാരം 2015-16 ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വിതം സബ്സിഡിയായി നാളികേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽ നിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നാളികേര ഉത്പാദക സംഘങ്ങൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്കുള്ള ധനസഹായം നൽകുന്നതിനായി 2017-18 വർഷത്തിൽ 2 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.<br>നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്,നാളികേര വികസന കോർപ്പറേഷൻ, കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17 ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പരിശീലന പരിപാടികൾ സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ നടത്തി വരുന്നു.<br>"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെ കീഴിൽ പദ്ധതി ചിലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളികേര വികസന ബോർഡ് നാളികേര ഉത്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.<br>നാളികേര വികസന ബോർഡ് നീര ഉത്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉത്പാദക കമ്പനികൾക്ക് നൽകി വരുന്നു. വെന്റിംഗ് മെഷീനുകൾ / വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും നാളികേര ഉത്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിനു പുറമെ നീര ഉത്പാദക കമ്പനികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ട ഇടപെടലുകൾ നടത്തുന്നതാണ്. |
| സി) കേര കർഷകർക്ക് വളരെയധികം ആശ്വാസം നൽകിയ ഈ പദ്ധതി തുടക്കത്തിൽ തന്നെ പരാജയപ്പെടാതിരിക്കാൻ നീര ഉല്പാദന കമ്പനികൾക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ